വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ലഭിച്ചവർ

141 [598] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി :
,, കെ. മുഹമ്മദാലി :
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. ഗവൺമെന്റ് നിലവിൽ വന്നശേഷം എത്രകാലം വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ ഉണ്ടായിരുന്നു ;

(ബി) ഈ പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു ;

(സി) ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് കിട്ടി ;

(ഡി) അവർക്ക് എന്തു തുകയുടെ ആശ്വാസം കിട്ടിയെന്നറിയിക്കാമോ ?

ഉത്തരം

(എ) യു.ഡി.എഫ്. ഗവൺമെന്റ് നിലവിൽ വന്നശേഷം 27-9-2001 മുതൽ 31-3-2005 വരെയുള്ള 42 മാസക്കാലം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ബി) ഈ പദ്ധതിയുടെ പ്രത്യേകതകൾ താഴെ പറയുന്നവയായിരുന്നു :

1. പിഴപ്പലിശയും മറ്റ് ചെലവുകളും ഇളവ് ചെയ്ത് നൽകൽ.
2. ഡോക്യുമെന്റ് നിരക്കോ, നിലവിലുള്ള നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ പലിശ കണക്കാക്കൽ.
3. 1-7-2003 മുതൽ പിഴപ്പലിശ, കൂട്ടുപലിശ, മറ്റ് അനാമത്ത് ചെലവുകൾ ഒഴിവാക്കി സെറ്റിൽമെന്റ് തുകയ്ക്ക് 12 ശതമാനം പലിശ നിരക്കിലോ 1-4-2004 മുതൽ കാർഷികേതര വായ്പകൾക്ക് 11 ശതമാനവും കാർഷിക വായ്പയിൽ 10 ശതമാനം പലിശ നിരക്കിലും അടച്ചു തീർക്കാൻ അനുവദിച്ചു.

(സി) ഈ പദ്ധതിയുടെ പ്രയോജനം 543319 പേർക്ക് ലഭിച്ചു.

(ഡി) 199.02 കോടി രൂപയുടെ ഇളവ് നൽകിയിട്ടുണ്ട്.

വയനാട്ടിലെ കർഷകർക്കെതിരെയുള്ള ജപ്തി

142 [599] ശ്രീ. സി. പി. മുഹമ്മദ്:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത വയനാട്ടിലെ കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരവിന് എന്നുമുതൽ പ്രാബല്യമുണ്ട് ; ഉത്തരവ് നിലനിൽക്കെ അവിടെ എത്ര ജപ്തി നടപടികൾ ഇതുവരെ ഉണ്ടായിട്ടുണ്ട് ;

(സി) പ്രസ്തുത ഉത്തരവ് നിലനിൽക്കെ ജപ്തി നടപടികളെടുക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട്ടിലെ കർഷകർക്ക് മാത്രമായി ജപ്തി നടപടികൾ നിർത്തിവച്ചു കൊണ്ട് ഉത്തരവായിട്ടില്ല. എന്നാൽ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പാത്തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ജപ്തി നടപടികൾ 6 മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് 10-3-2004-ൽ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. കാർഷിക വായ്പകൾ ഈടാക്കുന്നതിന് ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമ നടപടികളും ഒരു വർഷത്തേക്ക് നിർത്തിവച്ച് 17-4-2004-ൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനുപുറമേ ജപ്തി നടപടികൾ വീണ്ടും 3 മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് 3-8-2005-ലും നിർദ്ദേശം നൽകിയിരുന്നു. ടി ആനുകൂല്യം വീണ്ടും 6 മാസത്തേക്കുകൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവുകൾക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ട്. ടി ഉത്തരവുകൾ നിലനിൽക്കേ സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത കാർഷിക വായ്പകളിന്മേൽ ജപ്തി നടപടികൾ ഉണ്ടായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂർ-തലശ്ശേരി പാനൂർ, കടവത്തൂർ, നാദാപുരം റൂട്ടിൽ പുതിയ ബസ് സർവ്വീസ്

143 [600] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2005-2006 വർഷത്തിൽ പുതുതായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ കണ്ണൂർ-തലശ്ശേരി പാനൂർ, കടവത്തൂർ, നാദാപുരം റൂട്ടിൽ ഒരു ബസ്സ് അനുവദിക്കണമെന്ന നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 304 സർവ്വീസുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്.

(ബി) ബസ്സുകളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly